## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.860** **05.03.2018-ൽ മറുപടിക്ക്**

## കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട റോഡുകൾ

**ചോദ്യം**

**ശ്രീ.ഹൈബി ഈഡൻ**
**,, ഐ.സി.ബാലകൃഷ്ണൻ**
**,, വി.ഡി.സതീശൻ**
**,, അൻവർ സാദത്ത്**

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(എ) കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ നിലവിലെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.

| നം | പ്രവൃത്തിയുടെ പേര് | | പുരോഗതി (ശതമാനത്തിൽ) |
|---|---|---|---|
| 1 | UG-I | കാസർകോട്-കാഞ്ഞങ്ങാട് റോഡ് | 80 |
| 2 | UG-II | പിലാത്തറ – പാപ്പിനിശ്ശേരി റോഡ് | 81 |
| 3 | UG-IIIA | തലശ്ശേരി-കളറോഡ് റോഡ് | 35.45 |
| 4 | UG-IIIB | കളറോഡ്-വളവുപാറ റോഡ് | 45.40 |
| 5 | UG-IV | ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് | 93 |
| 6 | UG-IVA | തിരുവല്ല ബൈപ്പാസ് | 56.10 (ബാലൻസ് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| 7 | UG-V | ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് | 95.28 |
| 8 | UG-VI | പൊൻകുന്നം - തൊടുപുഴ റോഡ് | 100 |
| 9 | UG-VII | പുനലൂർ - പൊൻകുന്നം റോഡ് | PPP യിൽ നിന്നും മാറ്റി EPC മാതൃകയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചു. |
| 10 | UG-VIII | പെരുമ്പിലാവ്-പെരിന്തൽമണ്ണ | 100% |

| | | | |
|---|---|---|---|
| | | | റോഡ് സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ട കഴക്കൂട്ടം അടൂർ മാതൃകാറോഡ് സുരക്ഷാ പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) | കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി പണിത പൊൻകുന്നം - തൊടുപുഴ റോഡ്, തിരുവല്ല ബൈപാസ് തുടങ്ങിയവയിൽ ഉണ്ടായതായി പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷിക്കണമെന്ന് ലോകബാങ്കിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയോയെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത റോഡുകളുടെ ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് ലോകബാങ്കിനോട് കെ.എസ്.ടി.പി ആവശ്യപ്പെട്ടിട്ടില്ല. |
| (സി) | രണ്ടാം ഘട്ട പദ്ധതിയിൽപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;? | (സി) | കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കോൺട്രാക്ടർക്കും, കൺസ്ട്രക്ഷൻ സൂപ്പർവൈസറി കൺസൾട്ടന്റിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. തുടങ്ങിവച്ച എല്ലാ പ്രവൃത്തികളും 2018-ൽ തന്നെ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇടയ്ക്കിടെ അവലോകന യോഗങ്ങൾ കൂടി പുരോഗതി വിലയിരുത്തുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലും അവലോകന യോഗങ്ങൾ നടത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ